# മാതൃഭാഷാദിനത്തിൽ ആഘോഷം; മലയാളത്തിനായി നാട്



കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ഭാഷാവികസനത്തിന്റെ ജനാധിപത്യവഴികൾ' പുസ്തകം ഗവ. വനിതാ കോളേജിൽ നടന്ന മാതൃഭാഷ ദിനാചരണ പരിപാടിയിൽ പ്രിൻസിപ്പൽ ഡോ. ചാന്ദ്നി സാമിന് നൽകി ചീഫ് സെക്രട്ടറി ഡോ. വി പി ജോയ് പ്രകാശിപ്പിക്കുന്നു

**തിരുവനന്തപുരം**

മാതൃഭാഷാ ദിനത്തിൽ മലയാള മധുരം പകർന്ന് ആഘോഷം. വിവിധ പ്രദേശങ്ങളിൽ പരിപാടികൾ സംഘടിപ്പിച്ചു. സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സാക്ഷരതാമിഷൻ ആസ്ഥാനത്ത് ഐക്യമലയാള പ്രസ്ഥാനം സെക്രട്ടറി ഹരിദാസൻ ഉദ്ഘാടനം ചെയ്തു. സാക്ഷരതാമിഷൻ ഡയറക്ടർ എ ജി ഒലീന അധ്യക്ഷയായി. ഡോ. ജെ വിജയമ്മ, എ സന്ദീപ് ചന്ദ്രൻ, ടോജോ ജേക്കബ്, ബി സജീവ് എന്നിവർ സംസാരിച്ചു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും ഗവ. വനിതാകോളേജ് മലയാളം വിഭാഗവും സംഘടിപ്പിച്ച ദേശീയ ചരിത്രസെമിനാർ ചീഫ് സെക്രട്ടറി വി പി ജോയ് ഉദ്ഘാടനം ചെയ്തു. ഡോ. ആർ ശിവകുമാർ രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ഭാഷാവികസനത്തിന്റെ ജനാധിപത്യവഴികൾ' എന്ന പുസ്തകം പ്രിൻസിപ്പൽ ഡോ. ചാന്ദ്നി സാമിന് നൽകി അദ്ദേഹം പ്രകാശിപ്പിച്ചു. 'ഗവേഷണഫലങ്ങൾ മാതൃഭാഷയിലൂടെ ജനങ്ങളിലേക്ക്' എന്ന പരിപാടിയും ഉദ്ഘാടനം ചെയ്തു. മാതൃഭാഷാപ്രതിജ്ഞ ചൊല്ലി.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം സത്യൻ അധ്യക്ഷനായി. ഡോ. എം ഗംഗാദേവി പുസ്തകം പരിചയപ്പെടുത്തി. എറണാകുളം സിറ്റി പൊലീസ് കമീഷണർ കെ സേതുരാമൻ പ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ഡോ. എസ് പി ചാന്ദ്നി സാം, ഡോ. ആർ ശിവകുമാർ, ഡോ. കെ എസ് ഷൂബ, കെ ആർ സരിതകുമാരി എന്നിവർ സംസാരിച്ചു. വിവിധ വിഷയങ്ങളിൽ ഡോ. രവിശങ്കർ എസ് നായർ, ഡോ. കെ മാധവൻ നമ്പൂതിരി, സി എം മുരളീധരൻ എന്നിവർ സംസാരിച്ചു. സെമിനാർ വ്യാഴാഴ്ച സമാപിക്കും.